(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ മരുന്ന് വാങ്ങിയതും നിയമനങ്ങളും സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഡി.എം.ഇ.യ്ക്കോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോവിഡ് കാലത്ത് ഹോസ്റ്റൽ ഫീസ് ഈടാക്കുന്നവർക്കെതിരെ നടപടി

268 (4993) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്കാലത്ത് വീട്ടിലിരുന്ന് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽനിന്നും സ്വകാര്യ നഴ്സിംഗ് കോളജ് അധികൃതർ ഹോസ്റ്റൽ ഫീസ് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ക്ലാസ് നടക്കുമ്പോഴും ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളിൽ നിന്നും നാൽപ്പത്തയ്യായിരം രൂപ വരെ ഫീസ് വാങ്ങുന്നതും ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക് ഫൈൻ ഏർപ്പെടുത്തുന്ന സാഹചര്യവും കണക്കിലെടുത്ത് മാനേജ്മെന്റുകളുടെ ഇത്തരം കൊള്ള തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

&

(സി) കോവിഡ്കാലത്ത് ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഹോസ്റ്റൽ ഫീസ് ഈടാക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സ്വകാര്യ കോളേജ് അധികൃതർ മെഡിക്കൽ കോഴ്സുകൾക്ക് അധിക ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികൾ പരിശോധിച്ചുവരുന്നു.

സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി

269 (4994) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാനമെടുക്കാതെ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ തിരുവനന്തപുരം കാര്യാലയത്തിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

1-1-2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാനമെടുക്കാതെ ഫയലുകൾ അനന്തമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി അനുബന്ധരേഖകൾ പൂർണ്ണമായും ഉൾക്കൊള്ളിച്ച് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി വിഭാഗം ഫാക്കൽറ്റികളുടെ ശമ്പളം 1-1-2016 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് സർക്കാർ പുറപ്പെടുവിച്ച 11-9-2020-ലെ സ.ഉ.(പി) 54/2020/ആ.കു.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി ഗവൺമെന്റ് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ

270 (4995) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എച്ച്.എം.എസ്. 2016-17 ബാച്ചിൽ തിരുവനന്തപുരം നേമം ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ കേരള മെഡിക്കൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിരുന്നു?

കേരള മെഡിക്കൽ പ്രവേശന പരീക്ഷാ റാങ്കിന്റെ അടിസ്ഥാനത്തിൽ 42-ഉം മാനേജ്മെന്റ് ക്വാട്ടയിൽ 8-ഉം ഉൾപ്പെടെ 50 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിരുന്നു.

(ബി) പ്രസ്തുത കോളേജിന് ലെറ്റർ ഓഫ് പെർമിഷൻ നൽകിയില്ല എന്ന കാരണത്താൽ 2016-17 ബാച്ചിലെ ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്നും WP(C)No.10527/2021, WP(c) No.35766/2016 കേസുകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിദ്യാർത്ഥികൾക്കനുകൂലമായി വിധി പ്രസ്താവിച്ചിരുന്നോ എന്നും വ്യക്തമാക്കുമോ?